**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3081** **18-03-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന ബോട്ടുകൾക്ക് ഇന്ധന സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ സി ആർ മഹേഷ് | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ സബ്സിഡി മണ്ണെണ്ണയുടെ വിഹിതം കുറച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കേന്ദ്രസർക്കാർ 2019-20 സാമ്പത്തിക വർഷത്തിലെ രണ്ടാം പാദം മുതൽ സബ്സിഡി മണ്ണെണ്ണയുടെ പാദവിഹിതം 9264 KL ആയി വെട്ടിക്കുറച്ചാണ് നൽകി വരുന്നത്. ആയതിനാൽ സ്റ്റോക്കിന്റെ അപര്യാപ്തത മൂലം സബ്സിഡി മണ്ണെണ്ണയുടെ വിതരണത്തിൽ പ്രതിസന്ധി ഉണ്ടാവുന്ന സ്ഥിതിയാണ് നിലവിലുള്ളത്. 2021-22 സാമ്പത്തിക വർഷം ആദ്യം മുതൽ 3 മാസം വീതമുള്ള ഓരോ പാദത്തിലും നിലവിൽ ലഭിക്കുന്ന മണ്ണെണ്ണയുടെ അളവ് 6480 KL ആണ്. യഥാർത്ഥത്തിൽ വേണ്ടത് 13900.344 KL ആണ്. യഥാർത്ഥ ആവശ്യകതയിൽ നിന്നും 7420.344 KL കുറവാണ് ലഭ്യമാകുന്നത്. ആയതിനാൽ കിട്ടുന്ന സബ്സിഡി മണ്ണെണ്ണ AAY, PHH എന്നീ രണ്ട് വിഭാഗക്കാർക്ക് മാത്രമായി വിതരണം ചെയ്ത് വരികയാണ്. ടി സാഹചര്യം കണക്കിലെടുത്ത് മണ്ണെണ്ണയുടെ വിതരണം ത്രൈമാസം ആയി മാറ്റി നിശ്ചയിച്ചാണ് വിതരണം നടത്തി വരുന്നത്. ത്രൈമാസ വിതരണ പ്രകാരം എ.എ.വൈ, പി.എച്ച്.എച്ച് – 1 ലിറ്റർ മൂന്ന് മാസത്തിൽ ഒരിക്കൽ എൻ.പി.എസ്., എൻ.പി.എൻ.എസ് - 1/2 ലിറ്റർ മൂന്ന് മാസത്തിൽ ഒരിക്കൽ എൻ.ഇ കാർഡ് – 8 ലിറ്റർ മൂന്ന് മാസത്തിൽ ഒരിക്കൽ ഇങ്ങനെയാണ് നിലവിൽ സബ്സിഡി മണ്ണെണ്ണയുടെ വിതരണം നടത്തുന്നത്. എന്നാൽ പൊതുവിതരണ ശൃംഖല വഴി സബ്സിഡി രഹിത മണ്ണെണ്ണ നിശ്ചിത അളവിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്നു. |
| (ബി) | മത്സ്യബന്ധന ബോട്ടുകളിൽ ഉപയോഗിക്കുന്ന ഡീസൽ, പെട്രോൾ എന്നിവയ്ക്ക് ഈടാക്കുന്ന റോഡ് സെസ് ഒഴിവാക്കുവാനും ഉല്പാദനച്ചെലവിന് | (ബി) | മത്സ്യബന്ധന ബോട്ടുകളിൽ ഉപയോഗിക്കുന്ന ഡീസൽ, പെട്രോൾ എന്നിവയ്ക്ക് ഈടാക്കുന്ന റോഡ് സെസ് ഒഴിവാക്കുന്ന കാര്യം ഇപ്പോൾ |

| | | | |
|---|---|---|---|
| | അനുസൃതമായി മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ മണ്ണെണ്ണ നൽകുവാനും സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കുവാനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; അറിയിക്കാമോ; | | പരിഗണനയിൽ ഇല്ല. മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനായി സബ്സിഡി രഹിത മണ്ണെണ്ണ വിഹിതം കൂട്ടി നൽകുവാൻ കേന്ദ്ര പെട്രോളിയം വകുപ്പ് മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും അനുകൂല തീരുമാനം ലഭ്യമായിട്ടില്ല. കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമുള്ള മണ്ണെണ്ണ നൽകുന്നതിനായി മത്സ്യഫെഡിനെ നേരിട്ട് ഡീലർ (KWD) ആക്കുന്ന അപേക്ഷയിൽ അനുകൂല തീരുമാനമെടുക്കുവാനും ബഹു. കേന്ദ്ര മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സംസ്ഥാനത്തു നിന്നുള്ള എം.പി മാരുടെ സമ്മേളനത്തിൽ വിഷയം അജണ്ടയായി ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ തുടർന്നും സമ്മർദ്ദം ചെലുത്തുന്നതാണ്. |
| (സി) | സംസ്ഥാന സർക്കാർ മത്സ്യബന്ധന യാനങ്ങൾക്കുള്ള മണ്ണെണ്ണ പെർമിറ്റിന്റെ കാലാവധി പുതുക്കുന്നതിന് അനുമതി നിഷേധിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (സി) | പെർമിറ്റ് പുതുക്കുന്നതിന് അനുമതി നിഷേധിച്ചിട്ടില്ല. 27.02.22 ന് നടന്ന ഏകദിന സംയുക്ത പരിശോധനയിൽ ലഭ്യമായ9594 അപേക്ഷകളിലായി 10889 യാനങ്ങളും 14489 എഞ്ചിനുകളും പരിശോധനയിൽ പങ്കെടുത്തതിൽ 14332 എഞ്ചിനുകൾ പെർമിറ്റിന് യോഗ്യമാണെന്ന് സംയുക്ത പരിശോധനാ ടീം ശുപാർശ ചെയ്യുകയും 41എണ്ണം യോഗ്യമല്ലെന്ന് കണ്ട് നിരസിക്കുകയും 97എഞ്ചിനുകൾ പരിശോധനയ്ക്ക് ഹാജരാക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. സംയുക്ത പരിശോധനയിൽ പെർമിറ്റിന് യോഗ്യമാണെന്ന് കണ്ടെത്തിയ 14332എഞ്ചിനുകൾക്ക് പെർമിറ്റ് അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിച്ചു വരുന്നു. പെർമിറ്റ് അനുവദിക്കുന്ന മുറയ്ക്ക് മത്സ്യഫെഡ് വഴി മണ്ണെണ്ണ വിതരണം ചെയ്യുന്നതാണ്. |
| (ഡി) | പെർമിറ്റ് ലഭിക്കാത്തതിനാൽ മത്സ്യത്തൊഴിലാളികൾക്ക് സ്വകാര്യ ഇടപാടുകാരിൽ നിന്നും അമിതവിലയ്ക്ക് മണ്ണെണ്ണ വാങ്ങി മത്സ്യബന്ധനത്തിന് പോകേണ്ടിവരുന്നത് ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ഡി) | പെർമിറ്റ് പുതുക്കുന്നതിന് അനുമതി നിഷേധിച്ചിട്ടില്ല. 27.02.22 ന് നടന്ന ഏകദിന സംയുക്ത പരിശോധനയിൽ ലഭ്യമായ9594 അപേക്ഷകളിലായി 10889 യാനങ്ങളും 14489 എഞ്ചിനുകളും പരിശോധനയിൽ പങ്കെടുത്തതിൽ 14332 എഞ്ചിനുകൾ പെർമിറ്റിന് യോഗ്യമാണെന്ന് സംയുക്ത പരിശോധനാ ടീം ശുപാർശ ചെയ്യുകയും 41എണ്ണം യോഗ്യമല്ലെന്ന് കണ്ട് നിരസിക്കുകയും 97എഞ്ചിനുകൾ പരിശോധനയ്ക്ക് ഹാജരാക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. സംയുക്ത പരിശോധനയിൽ പെർമിറ്റിന് യോഗ്യമാണെന്ന് കണ്ടെത്തിയ 14332എഞ്ചിനുകൾക്ക് പെർമിറ്റ് അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിച്ചു വരുന്നു. പെർമിറ്റ് അനുവദിക്കുന്ന മുറയ്ക്ക് മത്സ്യഫെഡ് വഴി മണ്ണെണ്ണ വിതരണം ചെയ്യുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | മത്സ്യബന്ധന ബോട്ടുകൾക്ക് ഉപയോഗിക്കുന്ന ഡീസൽ, പെട്രോൾ തുടങ്ങിയ ഇന്ധനങ്ങൾക്ക് സംസ്ഥാന സർക്കാരിൽ നിന്നും നികുതിയിളവ് ലഭ്യമാക്കുവാൻ വകുപ്പ് മുൻകൈയെടുക്കുമോയെന്ന് അറിയിക്കാമോ? | (ഇ) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ